# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ഫെബ്രുവരി 7

# വാർത്താക്കുറിപ്പ്

## 1.70 ലക്ഷം കോവിഡ് പരിശോധന; അതിജീവനത്തിന് കരുത്തേകി എം.ജി. സർവകലാശാല ഐ.യു.സി.ബി.ആർ.

കോവിഡ് 19 മഹാമാരിയെ അതിജീവിക്കുന്നതിനുള്ള നാടിന്റെ ശ്രമങ്ങൾക്ക് കരുത്തുപകർന്ന്, 1.70 ലക്ഷം പരിശോധനകൾ നടത്തി മഹാത്മാഗാന്ധി സർവകലാശാലയുടെ തലപ്പാടി അന്തർ സർവകലാശാല സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ.

ഐ.സി.എം.ആർ. അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വൈറസ് റിസർച്ച് സെന്ററിലാണ് കോവിഡ് സ്ഥിരീകരിക്കുന്നതിനുള്ള സ്രവസാമ്പിളുകൾ പരിശോധിക്കുന്നത്. 2020 മാർച്ച് 27 മുതലാണ് പരിശോധനകൾ തുടങ്ങിയത്. മൂന്ന് ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സെന്ററിൽ ദിവസം 800 മുതൽ 1100 വരെ സാമ്പിളുകൾ ക്യു-ആർ.ടി.പി.സി.ആർ. ടെസ്റ്റിലൂടെ പരിശോധിച്ച് നൽകുന്നു. 24 മണിക്കൂറിനുള്ളിൽ ഫലം നൽകും. ഇടുക്കി, കോട്ടയം ജില്ലകളിലെ രോഗികളുടെ സ്രവ സാമ്പിൾ പരിശോധനയാണ് നടത്തുന്നത്. പാലക്കാട് ജില്ലയിലെ സാമ്പിളുകളും പരിശോധിച്ചു. ഇടുക്കി, പാലക്കാട് മെഡിക്കൽ കോളജിൽനിന്നുള്ള ജീവനക്കാർക്ക് കോവിഡ് 19 പരിശോധനയ്ക്കുള്ള പരിശീലനവും നൽകി.

ഡയറക്ടർ ഡോ. കെ.പി. മോഹനകുമാറിന്റെ നേതൃത്വത്തിൽ റിസർച്ച് അസോസിയേറ്റുകൾ, ലാബ് ടെക്നീഷ്യന്മാർ എന്നിവരുടെ മേൽനോട്ടത്തിലാണ് പരിശോധന. റിസർച്ച് സെന്ററിലെ ജീവനക്കാർക്ക് പുറമെ 27 ലാബ് ജീവനക്കാരെക്കൂടി സംസ്ഥാന സർക്കാർ ആരോഗ്യകേരളം പദ്ധതിയിലൂടെ അനുവദിച്ചിരുന്നു. സംസ്ഥാനത്ത് കോവിഡ് 19 സാമ്പിൾ പരിശോധന നടത്തുന്ന ഏക സർവകലാശാല കേന്ദ്രമാണ് ഐ.യു.സി.ബി.ആർ.

### ചിത്രം കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയുടെ തലപ്പാടി അന്തർ സർവകലാശാല സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ വൈറസ് റിസർച്ച് സെന്ററിൽ ജീവനക്കാർ സാമ്പിളുകൾ പരിശോധിക്കുന്നു.**

(പി.ആർ.ഒ/39/190/2021)

## വിദ്യാർഥികളുമായി സംവദിക്കാൻ മുഖ്യമന്ത്രി ഇന്ന് (ഫെബ്രുവരി 8) എം.ജി. സർവകലാശാലയിൽ

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന്(ഫെബ്രുവരി 8) മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ വിദ്യാർഥി പ്രതിഭകളുമായി സംവദിക്കും. 'നവകേരളം യുവകേരളം-ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവി' എന്ന വിഷയത്തിൽ മഹാത്മാഗാന്ധി, ശ്രീ ശങ്കരാചാര്യ സർവകലാശാലയിലെ വിദ്യാർഥികൾ നൂതനാശയങ്ങളും കാഴ്ചപ്പാടുകളും മുഖ്യമന്ത്രിയുമായി പങ്കുവയ്ക്കും.

രാവിലെ 11ന് സർവകലാശാല ഗ്രൗണ്ടിൽ പ്രത്യേകം തയാറാക്കിയ വേദിയിൽ നടക്കുന്ന 'സി.എം. അറ്റ് കാമ്പസ് സംവാദപരിപാടിയിൽ കലാ-കായിക-വിദ്യാഭ്യാസ രംഗത്ത് മികവ് തെളിയിച്ച 200 വിദ്യാർഥികൾ നേരിട്ടും ആയിരത്തിലധികം വിദ്യാർഥികൾ ഓൺലൈനായും പങ്കെടുക്കും. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ, മഹാത്മാഗാന്ധി സർവകലാശാല വൈസ്

ചാൻസലർ പ്രൊഫ. സാബു തോമസ്, ശ്രീ ശങ്കരാചാര്യ സർവകലാശാല വൈസ് ചാൻസലർ ഡോ. പി.കെ. ധർമ്മരാജൻ എന്നിവർ പങ്കെടുക്കും. വീണ ജോർജ് എം.എൽ.എ.യാണ് പരിപാടിയുടെ അവതാരക. രാവിലെ 9.30ന് വിദ്യാർഥി രജിസ്ട്രേഷൻ ആരംഭിക്കും. 10.15ന് അശ്വമേധം ഫെയിം ജി.എസ്. പ്രദീപ് നയിക്കുന്ന 'ഇൻസ്പയർ കേരള' പരിപാടി നടക്കും. തുടർന്ന് വീഡിയോപ്രദർശനം. 11 മുതലാണ് സംവാദം.

സംവാദ പരിപാടിയുടെ തത്സമയസംപ്രേഷണം വിദ്യാർഥികൾക്ക് കാണുന്നതിന് കോളജുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഒഫീഷ്യൽ ഫേസ്ബുക്ക് പേജിലൂടെയും സർവകലാശാലയുടെ ഒഫീഷ്യൽ ഫേസ് ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും വെബ്സൈറ്റിലൂടെയും പരിപാടി തത്സമയം കാണാം.

വിദ്യാർഥികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും ഉൾക്കൊണ്ട് ലോകനിലവാരത്തിലുള്ള വിദ്യാഭ്യാസരീതിയിലൂടെ നവകേരളം സൃഷ്ടിക്കാനുതകുന്ന പാഠ്യപദ്ധതിയുടെ സാധ്യതകളാണ് 'നവകേരളം - യുവകേരളം' മുന്നോട്ടുവയ്ക്കുന്നത്. വിദ്യാർഥികളുടെ നൂതന ആശയങ്ങൾ കണ്ടുപിടുത്തങ്ങളായി മാറ്റുക, മൾട്ടിഡിസിപ്ലിനറി വിദ്യാഭ്യാസം എന്ന സങ്കല്പം പ്രാവർത്തികമാകുന്ന രീതിയിൽ ഉന്നതവിദ്യാഭ്യാസരംഗം മാറ്റുക, കണ്ടുപിടുത്തങ്ങളും നൂതന ആശയങ്ങളും സമൂഹത്തിന് ഉപകാരപ്പെടുന്ന നിലയിൽ സ്റ്റാർട്ടപ്പുകൾപോലുള്ള വ്യാവസായികസംരംഭത്തിലേക്ക് നയിക്കുക, മാനവവിഭവശേഷി പരിശീലനത്തിന് മുൻതൂക്കം നൽകി ഉയർന്ന തൊഴിൽ സാധ്യതകളും സുരക്ഷിതമായ ഭാവിയും ഉറപ്പുനൽകുന്ന രീതിയിൽ ബിരുദ-ബിരുദാനന്തര ഗവേഷണപദ്ധതികൾ സാധ്യമാക്കുക, സമത്വം, ലഭ്യത, ഉൾക്കൊള്ളൽ എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കി ഉന്നതവിദ്യാഭ്യാസരംഗത്ത് ആരോഗ്യപരമായ മാറ്റങ്ങൾ വിഭാവനം ചെയ്യുക എന്നിവയും പരിപാടി ലക്ഷ്യമിടുന്നു.

(പി.ആർ.ഒ/39/190/2021)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ